കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005 – ഷെൽട്ടർ ഹോമുകളുടെ 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (എ) വകുപ്പ്

**G.O.(Rt)257/2025/WCDD** **Dated,04/06/2025**

AS/WCD/25/42687

പരാമർശം:-

1. സ.ഉ.(കൈ)നം.2/2021-വശിവിവ തീയതി 31.08.2021.
2. സ.ഉ.(പി)നം.4/2022-വശിവിവ തീയതി 29.03.2022.
3. സ.ഉ.(സാധാ)നം.205/2023/വശിവിവ തീയതി 28.04.2023.
4. സ.ഉ.(സാധാ)നം.15/2025/വശിവിവ തീയതി 10.01.2025.
5. സ.ഉ.(സാധാ)നം.121/2025/വശിവിവ തീയതി 22.03.2025.
6. വനിത ശിശു വികസന ഡയറക്ടറുടെ 16.04.2025, 02-06-2025 എന്നീ തീയതികളിലെ DWCD/1693/2023-WEC3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന പ്രവർത്തിച്ചു വന്നിരുന്ന 11 ഷെൽട്ടർ ഹോമുകൾ പരാമർശം (1) ഉത്തരവ് പ്രകാരം വനിത ശിശു വികസന വകുപ്പ് നേരിട്ട് ഏറ്റെടുക്കുകയും ഇവയോടൊപ്പം പുതുതായി 3 ഷെൽട്ടർ ഹോമുകൾക്ക് കൂടി പരാമർശം (2) ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ അനുവദിക്കുകയുമുണ്ടായി. മേൽ പരാമർശിച്ചിരിക്കുന്ന 14 ഷെൽട്ടർ ഹോമുകളുടെ 2023-24 സാമ്പത്തിക വർഷത്തെ ദൈനംദിനപ്രവർത്തനങ്ങൾക്കായി 2,22,60,000/-രൂപ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തെ സാമ്പത്തിക നിയന്ത്രണങ്ങൾ മൂലം ടി തുക പൂർണമായും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടിശ്ശിക

തുകയായ 77,90,429/-രൂപ പരാമർശം (4) പ്രകാരം പുന:ക്രമീകരിച്ചിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (3) പ്രകാരം നൽകിയ ഭരണാനുമതി പരാമർശം (5) പ്രകാരം പുതുക്കി ഉത്തരവായിരുന്നു.

2)മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തുക ബന്ധപ്പെട്ട ഷെൽറ്റർ ഹോമുകൾക്ക് വിതരണം ചെയ്യുന്നതിനായി ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിരുന്നുവെങ്കിലും ടി തുക സർക്കാരിൽ നിന്നും എൻഹാൻസ് ചെയ്ത് ലഭിക്കാത്തതിനാൽ 2024-25 സാമ്പത്തിക വർഷം ജില്ലകൾക്ക് അലോട്ട്മെന്റ് നൽകി ബന്ധപ്പെട്ട ഷെൽറ്റർ ഹോമുകൾക്ക് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ടി സാഹചര്യത്തിൽ ഷെൽട്ടർ ഹോമുകൾക്ക് 2023-24 സാമ്പത്തിക വർഷത്തെ, കുടിശ്ശിക പ്രവർത്തന ഫണ്ടായ 77,90,429/-രൂപ 2024-25 സാമ്പത്തിക വർഷത്തെ 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ടുള്ള പരാമർശം(5) പ്രകാരമുള്ള സർക്കാർ ഉത്തരവ് പുതുക്കി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന 14 ഷെൽട്ടർ ഹോമുകൾക്ക് 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശികയായി അനുവദിക്കുവാനുള്ള 77,90,429/-രൂപ (എഴുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/25/42687

Head Of Accounts

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 77,90,429 | AS/WCD/25/42687 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ - 2235-02-103-68-03-00-0-P-V

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്കായുള്ള ഷെൽട്ടർ ഹോമുകളുടെ 2023 24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക | 77,90,429 |
| ആകെ (എഴുപത്തി ഏഴ് ലക്ഷത്തിതൊണ്ണൂറായിരം നാന്നൂറ്റി ഇരുപത്തി ഒൻപത് രൂപ) | | **77,90,429** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

2 )ധനകാര്യ വകുപ്പ്.

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

4) വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).

5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.05 02:41:13 +05:30

AS/WCD/25/42687